"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡി.എ3/91/2021/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-04-2022

## സർക്കുലർ

വിഷയം:- തസ്വഭവ-'ആസാദി കാ അമൃത് മഹോത്സവ് '-ദേശീയ പഞ്ചായത്ത് രാജ് ദിനാഘോഷത്തിന്റെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പ്രത്യേക ഗ്രാമസഭ ചേരുന്നതിന് നിർദ്ദേശം- സംബന്ധിച്ച്

ദേശീയ പഞ്ചായത്ത് രാജ് ദിനാഘോഷത്തിന്റെ ഭാഗമായി രാജ്യമെമ്പാടും എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പ്രത്യേക ഗ്രാമസഭ ചേരുവാൻ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ ഭാഗമായി 'ആസാദി കാ അമൃത് മഹോത്സവ്' എന്ന പേരിലുള്ള ആഘോഷ പരിപാടികളുടെ ഭാഗമായാണ് ഈ നിർദ്ദേശം. വരുംകാലങ്ങളിൽ പ്രാദേശിക ആസൂത്രണത്തിൽ ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകണമെന്നും നിർദേശിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി സുസ്ഥിര വികസന ലക്ഷ്യങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ഭാവി പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കേണ്ടത്. കേരളം സുസ്ഥിരവികസന അടിസ്ഥാനത്തിലുള്ള വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഇതിനകം തന്നെ മുന്നോട്ടുപോയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യാധിഷ്ഠിതമായ ആസൂത്രണത്തിലൂന്നിയാകണമെന്നും സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാകണമെന്നും പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തന്നെ സൂചിപ്പിച്ചിട്ടുമുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ 2022 ഏപ്രിൽ 24 നുള്ള പഞ്ചായത്ത് രാജ് ദിനാഘോഷത്തിന്റെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പ്രത്യേക ഗ്രാമസഭ എന്ന നിലയിൽ പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു പൊതു ഗ്രാമസഭ ചേരേണ്ടതാണ്. ആ വിവരം വേണ്ടത്ര പ്രചരണം നൽകി പരമാവധി പേരെ പങ്കെടുപ്പിച്ചു കൊണ്ടുള്ളതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രസ്തുത വിശേഷാൽ ഗ്രാമസഭയിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള വാർഷിക പദ്ധതി മാർഗ്ഗരേഖ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്. ഈ ചർച്ചയ്ക്കായി ഇതിനകം പരിശീലകർക്കായിട്ടുള്ള പരിശീലനത്തിൽ പങ്കെടുത്തിട്ടുള്ള കിലയുടെ റിസോഴ്സ് പേഴ്സൺമാരുടെ സഹായം തേടാവുന്നതാണ്. അതിനുശേഷം ഊന്നൽ നൽകേണ്ട ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങൾ അവതരിപ്പിക്കേണ്ടതുണ്ട്. ഏതാണ്ട് പത്തോളം വിഷയാധിഷ്ഠിത ലക്ഷ്യങ്ങൾ കേന്ദ്ര മന്ത്രാലയവും നമ്മുടെ സംസ്ഥാനവും മുന്നോട്ടുവയ്ക്കുന്നുണ്ട്.

1. ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗമുള്ളതുമായ ഗ്രാമം
2. ആരോഗ്യ ഗ്രാമം
3. ശിശു സൗഹൃദ പഞ്ചായത്ത്
4. ജല പര്യാപ്ത ഗ്രാമം
5. ഹരിതഗ്രാമം
6. സ്വയം പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഗ്രാമം
7. സാമൂഹിക സുരക്ഷിത ഗ്രാമം
8. സദ്ഭരണം
9. ഗ്രാമങ്ങളിൽ ലിംഗസമത്വ വികസനം

10. ഗുണമേന്മയുള്ള വിദ്യാഭ്യാസം

ഇവയിൽ അതാത് പഞ്ചായത്തുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും അത് ഈ ഗ്രാമസഭയിൽ അവതരിപ്പിക്കുകയുമാണ് വേണ്ടത്. ആ മുൻഗണനയിൽ ആദ്യത്തെ മുൻഗണനയാണ് പിന്നീട് കേന്ദ്ര മന്ത്രാലയത്തിലേക്കും ജില്ല ആസൂത്രണ സമിതിയിലേക്കും അറിയിക്കേണ്ടത്. ഇങ്ങനെ നടക്കുന്ന ഗ്രാമസഭയുടെ വിവരങ്ങൾ ഇതിനകം പരിശീലിപ്പിച്ചിട്ടുള്ളതുപോലെ തന്നെ വൈബ്രന്റ് ഗ്രാമസഭ പോർട്ടലിൽ (meetingonine.gov.in) അപ്‌ലോഡ് ചെയ്യേണ്ടതാണ്. 2022 ഏപ്രിൽ 24ന് പ്രസ്തുത വിശേഷാൽ ഗ്രാമസഭ സംഘടിപ്പിക്കുവാൻ വേണ്ട നടപടികൾ എല്ലാ ഗ്രാമ പഞ്ചായത്തുകളും കൈക്കൊള്ളേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

**Signed by Sureshkumar K**
**Date: 19-04-2022 19:47:24**

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.
ഡയറക്ടർ ജനറൽ - കില, തൃശ്ശൂർ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.